അദ്ധ്യാപകരുടെ ശമ്പളപരിഷ്ക്കാരം സംബന്ധിച്ച കോടതി വിധി

22 (1235) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിഷ്ക്കരിച്ച നിരക്കിൽ ശമ്പളം നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും കോടതിവിധി ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കോടതി വിധി വന്നിട്ടും ഏതെങ്കിലും സ്കൂളുകളിൽ പരിഷ്ക്കരിച്ച നിരക്കിൽ ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) കോടതി വിധി പ്രകാരം എല്ലാ അംഗീകൃത സ്കൂളുകളിലേയും അദ്ധ്യാപകർക്ക് പരിഷ്ക്കരിച്ച നിരക്കിൽ ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകൃത അൺ എയിഡഡ് സ്കൂൾ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് സർക്കാർ ഉത്തരവ് മാനേജർമാർ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

കരിക്കുലം കമ്മിറ്റി നിർദ്ദേശം നടപ്പിലാക്കണമെന്ന ആവശ്യം

23 (1236) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിക്കുലം കമ്മിറ്റി നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതൽ പ്രാവർത്തികമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ദേശീയ രാജ്യാന്തര നയങ്ങൾക്കനുസൃതമായാണോ കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശം എന്ന് വ്യക്തമാക്കുമോ ;

(സി) ദേശീയ രാജ്യാന്തര നയം സർക്കാർ അംഗീകരിക്കുന്നുണ്ടെങ്കിൽ ഒന്നാം ക്ലാസ്സ് പ്രവേശന പ്രായപരിധി ആറു വയസ്സായി നിർണ്ണയിക്കുമോ ;

(ഡി) പ്രീ-സ്കൂൾ ഘട്ടത്തിലെ പ്രായപരിധി നാലു മുതൽ ആറു വയസ്സുവരെ എന്ന് നിർണ്ണയിക്കുമോ ;

(ഇ) ക്രഷ്, ഡേ കെയർ എന്നീ സംവിധാനങ്ങളിലെ പ്രായപരിധി ഒന്നു മുതൽ മൂന്നു വയസ്സുവരെയാക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly